**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1342** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും, അക്കാദമിക് നിലവാരവും, ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് കഴിഞ്ഞ ആറ് വർഷമായി സർക്കാർ സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **കഴിഞ്ഞ ആറ് വർഷമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും അതിന്റെ തുടർച്ചയായ വിദ്യാകിരണത്തിന്റേയും ഭാഗമായി നടന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഇക്കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; | (ബി) | **കഴിഞ്ഞ ആറ് വർഷമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും അതിന്റെ തുടർച്ചയായ വിദ്യാകിരണത്തിന്റേയും ഭാഗമായി നടന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (സി) | ഈ പ്രവർത്തനങ്ങൾ വഴി അടച്ചുപൂട്ടൽ ഭീഷണിയിൽ ആയിരുന്ന എത്ര പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങളെ രക്ഷപ്പെടുത്താൻ കഴിഞ്ഞു; വ്യക്തമാക്കാമോ; | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടച്ചു പൂട്ടൽ ഭീഷണിയിൽ ആയിരുന്ന മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ കേന്ദ്രീകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 2018-19ൽ 10 കുട്ടികളിൽ കുറവുള്ള 11319 ഡിവിഷനുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 2019-20 ആയപ്പോഴേക്കും 6263 ഡിവിഷനുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. ഏതാണ്ട് 55% ലധികം ക്ലാസ്സുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണത്തിന് പൊതുസമൂഹത്തെ ബോധവത്ക്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | സമൂഹത്തെ പൊതുവിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി. രക്ഷാകർതൃബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. രക്ഷകർത്താക്കളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി "നന്മ പൂക്കുന്ന നാളേക്ക്" എന്ന പുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കി നൽകിയിട്ടുണ്ട്. ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, കലാസാംസ്കാരിക മേഖലയിലുള്ളവർ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | സമൂഹത്തിന്റെ നാനാ തലത്തിലുള്ള ആളുകളുടേയും പങ്കാളിത്തം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ സമൂഹത്തെ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും അതിന്റെ തുടർച്ചയായ വിദ്യാകിരണത്തിന്റേയും ഭാഗമായി നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നടത്തിയ പ്രവർത്തനങ്ങളും അവയുടെ ഫലമായുണ്ടായ നേട്ടങ്ങളും

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ തുടർച്ചയാണ് വിദ്യാകിരണം. കുട്ടികളുടെ അക്കാദമിക മികവിനായിരിക്കും വിദ്യാകിരണം പദ്ധതി ഊന്നൽ നൽകുന്നത്. പൊതുവിദ്യാലയങ്ങളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസത്തിനായുള്ള അവസര തുല്യത ഉറപ്പാക്കുക എന്നത് പ്രധാനമാണ്. കോവിഡ് 19 ഉയർത്തിയ വെല്ലുവിളികളെ പലതരത്തിലും അഭിമുഖീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞു. ഡിജിറ്റൽ ക്ലാസ്സുകൾ വഴി നാം കുട്ടികളെ കർമ്മനിരതരാക്കി. വീട്ടിൽ ഇരിക്കുന്ന കുട്ടികൾക്ക് അവരുടെ ഭാവനയിൽ കണ്ട കാര്യങ്ങളെ പ്രകാശിപ്പിക്കാനുള്ള അവസരം 'അക്ഷരവൃക്ഷം' പദ്ധതിയിലൂടെ ഒരുക്കി. കോവിഡിന് ശേഷം സ്കൂളിലെത്തിയ കുട്ടികളുടെ സാമൂഹിക വൈകാരിക ആവശ്യകതകൾ അഭിമുഖീകരിക്കാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ അക്കാദമിക വർഷം ആരംഭിച്ചു അതിപ്പോഴും തുടരുന്നു. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ തുടർച്ച എന്ന നിലയിൽ ഭൗതികസൗകര്യ വികസന രംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

## I. ഭൗതിക സൗകര്യ വികസനം – പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക

5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിലാണ് കെട്ടിടനിർമ്മാണം വിഭാവനം ചെയ്തിരുന്നത്. അതിൽ 119 വിദ്യാലയങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 386 സ്കൂളുകളാണ് ഉള്ളത്. അതിൽ 126 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ഇതിൽ 200 സ്കൂൾ കെട്ടിടങ്ങളുടെ SPV കിലയാണ്. 185 സ്കൂളുകളുടെ DPR തയ്യാറായിട്ടുണ്ട്. ഇതിൽ 150 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 9 സ്കൂൾ കെട്ടിടങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമായി ടെണ്ടർ നടപടിയിലേക്ക് നീങ്ങിയിട്ടുണ്ട്.

1 കോടി കിഫ്ബി ധനസഹായമുള്ള 446 സ്കൂളുകളാണ് ഉള്ളത്. ഇതിൽ 18 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇതിൽ പ്രാഥമികമായി തടസ്സങ്ങളൊന്നും ഇല്ലാത്ത 403 സ്കൂളുകളിൽ 399 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. 341 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിയായി. ഇതിൽ 334 സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിക്കുകയും 206 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 17 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു 1 സ്കൂളിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയായി. സ്ഥലം ലഭ്യമാകാത്തതിനാലും മറ്റ് കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിനാലും ഈ സ്കീം നടപ്പാക്കാൻ കഴിയാതിരുന്ന സ്കൂളുകൾക്ക് പകരമായി 35 സ്കൂളുകളെ കണ്ടെത്തി. പ്രസ്തുത സ്കൂളുകളിൽ 1 കോടി രൂപ കിഫ്ബി ധനസഹായത്തോടെ കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകിക്കൊണ്ട് 16/06/2022 ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

കൂടാതെ പ്ലാൻ ഫണ്ട്, എം.എൽ.എ, എം.പി, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നിരവധി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും ഹയർസെക്കന്ററി ലാബുകളും, ലൈബ്രറിയും നവീകരിച്ച് പ്രവർത്തന ക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

**ജൈവവൈവിധ്യ ഉദ്യാനം**

പ്രകൃതിയെത്തന്നെ ഏറ്റവും നല്ല പഠനോപാധിയാക്കി മാറ്റിക്കൊണ്ട് പാരിസ്ഥിതിക അവബോധം പ്രവർത്തനാനുഭവങ്ങളിലൂടെ കുട്ടികളിൽ ഉളവാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ജൈവവൈവിധ്യ ഉദ്യാനം രൂപപ്പെടുത്തിയ ആദ്യ മൂന്ന് സ്ഥാനക്കാരായ സ്കൂളുകൾക്ക് അവാർഡ് നൽകി.

**II. സാങ്കേതിക വിദ്യാ സൗഹൃദം**

**1) സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ ( ഹൈടെക്ക്)**

8 മുതൽ 12 വരെ ക്ലാസ്സുകളുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ്സ് മുറികൾ ഹൈടെക്കാക്കി. ഇതിന്റെ ഭാഗമായി ബ്രോഡ്ബാന്റ് ശൃംഖലയും ഇന്ററാക്ടീവ് വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഈ സ്കൂളുകളിൽ ഏർപ്പെടുത്തി. 11272 പ്രൈമറി സ്കൂളുകളിൽ ഹൈടെക്വൽക്കരണത്തിന്റെ ഭാഗമായി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. 1,19,051 ലാപ്ടോപ്, 69,945 പ്രൊജക്ടർ, 4,578 ഡിഎസ്എൽആർ ക്യാമറ, 4545 ടി.വി, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ്ക്യാം, 1,00,439 യു.എസ്.ബി സ്പീക്കർ, 43,250 മൗണ്ടിംഗ് കിറ്റ് തുടങ്ങിയ ഐടി ഉപകരണങ്ങൾ വിന്യസിച്ചു കൈറ്റിനായിരുന്നു നിർവ്വഹണച്ചുമതല.

**2) സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടൽ**

പഠന നേട്ടങ്ങൾ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ വിനിമയം ചെയ്യുന്നതിന് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളുടെ സമാഹാരമാണ് സമഗ്രപോർട്ടൽ. നിലവിൽ 5.5 ലക്ഷം സമഗ്രാസൂത്രണരേഖകളും 8.89 ലക്ഷം സൂക്ഷ്മതലാസൂത്രണരേഖകളും സമഗ്രയിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ-ഹയർസെക്കന്ററി ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ 28,500 ഡിജിറ്റൽ വിഭവങ്ങൾ സമഗ്രയിൽ ലഭ്യമാണ്. 1,42,000 ത്തോളം ഉപയോക്താക്കൾ സമഗ്രയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുള്ള പ്ലാനുകൾ തങ്ങളുടെ സർഗാത്മകതയ്ക്കനുസരിച്ച് മെച്ചപ്പെടുത്തി ലോഗിൻ വഴി പ്രഥമാദ്ധ്യാപകന് സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. അദ്ധ്യാപകർ അപ്ലോഡ് ചെയ്യുന്ന വിഭവങ്ങൾ വിദഗ്ധ സമിതി പരിശോധിച്ച് അംഗീകാരം നൽകി പ്രസിദ്ധീകരിക്കും. സെക്കന്ററി - ഹയർസെക്കന്ററി ക്ലാസ്സുകളിലെ എല്ലാ വിഷയങ്ങളിലേയും ചോദ്യങ്ങൾ വികസിപ്പിച്ച് സമഗ്ര പോർട്ടലിൽ അപ്ലോഡ് ചെയ്ത് വരുന്നു.

**3) ഡിജിറ്റൽ വിദ്യാഭ്യാസം**

ഡിജിറ്റൽ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനായി വിപുലമായ ക്യാമ്പയിൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി സംസ്ഥാന - ജില്ലാ -തദ്ദേശ സ്വയംഭരണ സ്ഥാപന- സ്കൂൾ തലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രവർത്തന രൂപരേഖ പ്രസിദ്ധീകരിക്കുകയും തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. കുട്ടികൾക്കാവശ്യമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വിദ്യാകിരണം വെബ്പോർട്ടൽ ആരംഭിച്ചു. 1 മുതൽ 12 വരെ ക്ലാസ്സുകളിലെ മുഴുവൻ പട്ടിക വർഗ്ഗ വിഭാഗം കുട്ടികൾക്കും 10, 12 ക്ലാസ്സുകളിലെ പട്ടിക ജാതി വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ

ഉപകരണങ്ങൾ വിതരണം ചെയ്തു. സി.എസ്.ആർ ഫണ്ടുപയോഗിച്ച് 477 ലാപ്ടോപ്പുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കൈറ്റ് പൂർത്തിയാക്കുകയും 100 ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയും ചെയ്തു.

**4) കൈറ്റ് വിക്ടേഴ്സ് രണ്ടാം ചാനൽ**

രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി നിലവിലുള്ള കൈറ്റ് വിക്ടേഴ്സ് ചാനലിന് പുറമേ കൈറ്റ് വിക്ടേഴ്സ് പ്ലസ് ചാനൽ ട്രയൽ അടിസ്ഥാനത്തിൽ സംപ്രേഷണം ആരംഭിച്ചു. 1 മുതൽ 12 വരെ ക്ലാസ്സുകൾക്ക് എല്ലാ സാങ്കേതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഡിജിറ്റൽ ക്ലാസ്സുകൾ ഫസ്റ്റ്ബെൽ പരിപാടിയിൽ കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേക്ഷണം നടത്തി .

**5) ജി - സ്യൂട്ട് പ്ലാറ്റ്ഫോം**

സംവാദാത്മകമായ ക്ലാസ്സുകൾ നൽകുന്നതിനായി Google India യുമായി ചേർന്ന് കൈറ്റ് ജി - സ്യൂട്ട് പ്ലാറ്റ്ഫോം സജ്ജമാക്കി. 47 ലക്ഷം കുട്ടികൾക്കും 1.7 ലക്ഷം അധ്യാപകർക്കും ലോഗിൻ സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. ക്ലാസ്സുകൾ റെക്കോർഡ് ചെയ്യാനും ക്ലാസ്സിൽ പങ്കെടുക്കാത്ത കുട്ടികൾക്ക് പിന്നീട് അതിന്റെ ലിങ്ക് നൽകാനും കഴിയും.

**III. അക്കാദമിക പ്രവർത്തനങ്ങൾ**

ഒന്നാം ഘട്ടത്തിൽ, അക്കാദമിക മാസ്റ്റർപ്ലാൻ, ശാസ്ത്ര സാമൂഹിക ശാസ്ത്ര വിഷയങ്ങൾ പുത്തൻ രീതിയിൽ പഠിക്കുന്നതിനുള്ള പദ്ധതികൾ, ഭാഷാ വികാസത്തിന് മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പദ്ധതികൾ, ഗണിതം ആനന്ദകരമാക്കാൻ ഗണിത വിജയം, ഉല്ലാസ ഗണിതം, പ്രതിഭകളായ കുട്ടികൾക്ക് അതത് മേഖലയിൽ കൂടുതൽ മികച്ച മുന്നേറ്റത്തിന് ടാലന്റ് ലാബ്, ശ്രവണ പരിമിതർക്കുള്ള പാഠപുസ്തകം, യൂണിസെഫുമായി ചേർന്ന് പ്രളയ ബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള 'ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം' (Inclusive Education)– കാഴ്ചപ്പാട് രേഖ തയ്യാറാക്കൽ, അദ്ധ്യാപക പരിവർത്തന പദ്ധതി, സ്റ്റുഡന്റ് സെൻട്രിക് പ്രോഗ്രാം, അധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം, എസ്.ഐ.ഇ.ടിയുടെ പരിശീലന പരിപാടികൾ, സ്കൂൾ /ക്ലാസ്സ് ലൈബ്രറി വികസനം, പാർശ്വവൽകൃത മേഖലകളിലെ സ്കൂളുകളുടെ വികസനം, സ്ത്രീ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ, ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കുള്ള പ്രത്യേക പരിപാടി, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ, വിദ്യാലയം പ്രതിഭകളിലേക്ക്, ഫസ്റ്റ്ബെൽ, വൈറ്റ് ബോർഡ്, ഡോക്യുമെന്റേഷൻ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.

കോവിഡ് മഹാമാരിക്കാലഘട്ടത്തിലും നിരവധി പുതിയ അക്കാദമിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനും ഗണിതം ജനകീയവൽക്കരിക്കുന്നതിനും വേണ്ടി ഗണിതപ്പാർക്ക് എന്ന പദ്ധതി നടപ്പാക്കി. എല്ലാ ജില്ലയിലും തെരഞ്ഞെടുത്ത സ്കൂളുകളിൽ ഗണിതപ്പാർക്ക് സജ്ജീകരിക്കാൻ പദ്ധതിയുണ്ട്. കൂടാതെ ഉല്ലാസഗണിതം, ഗണിതവിജയം എന്നീ പരിപാടികളും കുട്ടികളെ കളികളിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

ഇന്ത്യയിലാദ്യമായി സംസ്ഥാനത്ത് തെരഞ്ഞടുത്ത ജോഗ്രഫി ഓപ്ഷണൽ വിഷയമായുള്ള 232 ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ സ്കൂൾ വെതർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികളുടെ സ്വതന്ത്രവും രസകരവുമായ ഭാഷാപഠനം ലക്ഷ്യമാക്കി കഥകൾ, ഓഡിയോ പോഡ്കാസ്റ്റുകൾ, അനിമേഷനുകൾ, പാട്ടുകൾ, കവിതകൾ എന്നിവ ഉൾപ്പെടുത്തി ഒരു ലേണിങ് വെബ്പോർട്ടൽ തയ്യാറായിവരുന്നു. എല്ലാ സ്കൂളുകളിലും ഇ- ലാംഗ്വേജ് ലാബുകൾ സജ്ജമാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് പ്രവർത്തനം ആരംഭിച്ചു.

പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ എന്നീ പൊതുകേന്ദ്രങ്ങൾ വഴിയും ബി.ആർ.സി തലത്തിലും, ഓൺലൈൻ മുഖാന്തിരവും ടാലന്റ് ലാബ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കുട്ടികളുടെ ഗവേഷണാത്മക അന്വേഷണാത്മക പഠനത്തിന് സഹായകമാകുന്നതും നിർമ്മിത ബുദ്ധി, നൂതനസാങ്കേതികവിദ്യ , പ്രശ്ന പരിഹാരം എന്നിവ പരിചയപ്പെടാനും പ്രയോഗിക്കാനും ഉതകുന്ന ടിങ്കറിങ് ലാബുകളുടെ സജ്ജീകരണം അവസാനഘട്ട ത്തിലേക്കെത്തുന്നു. ഓരോ ജില്ലയിലും മൂന്ന് വീതം ടിങ്കറിങ് ലാബുകൾ പൂർത്തിയായി വരുന്നു.

സ്റ്റാർസ് (STARS -Strengthening, Teaching- Learning and Results for States) പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ അംഗീകാരമുള്ള 168 പ്രീ പ്രൈമറി സ്കൂളുകൾക്ക് ആക്ടിവിറ്റി ഏരിയകൾ സജ്ജമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് വരുന്നു സംസ്ഥാനത്ത് തെരഞ്ഞെടുത്ത 325 പൊതുവിദ്യാലയങ്ങളിൽ ശലഭപ്പാർക്ക് സജ്ജീകരിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായി പ്രത്യേക കൈപ്പുസ്തകവും അധ്യാപകർക്ക് പരിശീലനവും നൽകുകയും ചെയ്തു.

ഹയർസെക്കന്ററി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സത്യമേവ ജയതേ എന്ന സോഷ്യൽ മീഡിയ അവബോധ പരിപാടി എസ്.ഐ.ഇ.ടിയുടെ ആഭിമുഖ്യത്തിൽ നടത്തി.

**1) സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാനുകൾ**

സ്കൂൾ തല അക്കാദമിക മാസ്റ്റർപ്ലാനുകൾ മെച്ചപ്പെടുത്തി നടപ്പിലാക്കുന്നതിനായി SCERT യെ മാർഗ്ഗരേഖ വികസിപ്പിച്ചുനൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. SSK, DIET, KITE, SIET , ജില്ലാ മിഷൻ എന്നിവരുൾപ്പെട്ട ജില്ലാ തല റിസോഴ്സ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ അക്കാദമിക വർഷം മുതൽ അക്കാദമിക മാസ്റ്റർപ്ലാനുകൾ അടിസ്ഥാ നമാക്കി സമയക്രമം നിശ്ചയിച്ച് പ്രവർത്തനപദ്ധതികളാക്കി നടപ്പിലാക്കുന്നതാണ്.

**2) മെന്ററിംഗ് പദ്ധതി**

മെന്ററിങ്ങിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം കൈറ്റ് വികസിപ്പിച്ച് ട്രയൽ പ്രവർത്തനങ്ങൾ നടത്തി മെച്ചപ്പെടുത്തലുകൾ വരുത്തി മെന്ററിങ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അദ്ധ്യാപക പരിശീലനത്തിൽ ഇക്കാര്യം ഉൾപ്പെടുത്തുവാനും ഇതിനായി SCERT ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു

**3) അദ്ധ്യാപക പരിശീലനം**

സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, കൈറ്റ്, ഡയറ്റുകൾ എന്നിവയുടെ നേതൃത്വത്തിൽ അധ്യാപക പരിശീലന പരിപാടികൾ നടത്തി വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ അധ്യാപകർക്കും ഇൻസ്ട്രക്ടർമാർക്കും അതാത് തൊഴിൽ മേഖലകളിലെ തൊഴിൽ വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലനങ്ങൾ സംഘടിപ്പിച്ചിരുന്നു. അധ്യാപക പരിശീലനത്തിന് ദേശീയതലത്തിലുള്ള വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി റിസോഴ്സ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

## 4) കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി സ്കൂൾ/ക്ലാസ്സ് ലൈബ്രറികൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കുന്നതിനായി വായനയുടെ വസന്തം പരിപാടിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയ്ക്കും മൂന്ന് പുസ്തകങ്ങൾ വീതം സ്കൂളുകളിലെത്തിച്ച് വിതരണം ചെയ്തു. 12 ലക്ഷം കുട്ടികൾക്ക് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചു. ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികളെ എഴുത്തിലേക്കും വായനയിലേക്കും ആകർഷിക്കുന്നതിനായി വായനശാലകളും ലൈബ്രറി കൗൺസിലുമായി സഹകരിച്ച് രക്ഷിതാക്കളുടെ കൂടി സഹായത്തോടെ വായനാ ചങ്ങാത്തം എന്ന ഒരു പരിപാടിയും തയ്യാറാക്കിയിട്ടുണ്ട്.

ഓരോ കുട്ടിയുടേയും വീട്ടിൽ ഹോം ലൈബ്രറി സ്ഥാപിക്കുന്നതിന്റെ ഭാഗമായി എസ്.എസ്.കെ മുഖാന്തിരം മൂന്ന് പുസ്തകങ്ങൾ വീതം നൽകാനും വിവിധ ഏജൻസികളുടേയും സന്നദ്ധ സംഘടനകളുടേയും അഭ്യുദയകാംക്ഷികളുടേയും സഹായത്തോടെ കൂടുതൽ പുസ്തകങ്ങൾ വീടുകളിൽ എത്തിച്ച് ഹോം ലൈബ്രറി വിപുലീകരിക്കാനുമുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുവിദ്യാലയങ്ങളിലെ കുട്ടികളിൽ നിന്നും ലഭിച്ച സാഹിത്യ സൃഷ്ടികൾ വിദഗ്ധരുടെ സഹായത്തോടെ മെച്ചപ്പെടുത്തി പുസ്തക രൂപത്തിലാക്കി എഴുത്ത് പച്ച എന്ന പേരിൽ അച്ചടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലയാളം, തമിഴ്, കന്നട, ഇംഗ്ലീഷ്, ഹിന്ദി, അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിലായി 60 ൽ അധികം പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അച്ചടിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറികൾക്ക് വിതരണം ചെയ്യും.

## 5) പ്രത്യേക ശ്രദ്ധയർഹിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, പഠനപിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്ന SC/ST കുട്ടികൾ തുടങ്ങിയവർക്കായി പ്രത്യേക പദ്ധതികൾ

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകുന്ന അക്കാദമിക പിന്തുണ കൂടാതെ വ്യക്തിഗതമായ അധികപിന്തുണാ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലേയും ക്ലസ്റ്ററുകളിലേയും അനുയോജ്യമായ കേന്ദ്രങ്ങളിൽ 1486 സ്പെഷ്യൽ കെയർസെന്ററുകൾ ആരംഭിച്ചു. സ്കൂളുകളിൽ ഭിന്നശേഷിക്കുട്ടികൾക്ക് പഠനപിന്തുണ നൽകുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കി. എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലെ എല്ലാ പുസ്തകങ്ങളും ശബ്ദപാഠങ്ങൾ (talking text)ആക്കി. വ്യത്യസ്തങ്ങളായ രണ്ട് ബി.ആർ.സികളിലെ ഭിന്നശേഷിക്കുട്ടികൾ, കുടുംബാംഗങ്ങൾ, അധ്യാപകർ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ആഴ്ചയിൽ ഒരു ദിവസം ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിവിധ പരിപാടികൾ അവതരിപ്പിച്ചുകൊണ്ട് ജാലകങ്ങൾക്കപ്പുറം എന്ന പരിപാടി നടന്നുവരുന്നു. ഭിന്നശേഷിക്കുട്ടികൾക്കുള്ള ഡിജിറ്റൽ വീഡിയോ ക്ലാസ്സുകൾ യുട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്തു. ഇൻക്ലൂസീവ് എഡ്യൂക്കേഷൻ മേഖലയിലെ പ്രവർത്തനങ്ങൾ കുട്ടികൾക്കും, അധ്യാപകർക്കും, രക്ഷിതാക്കൾക്കും എത്തിക്കുന്നതിനായി ഒരു വെബ്സൈറ്റും ആവിഷ്കരിച്ചിട്ടുണ്ട്.

ഇടുക്കി വയനാട് എന്നീ ജില്ലകളിലെ ഗോത്രവിഭാഗങ്ങളിലെ കുട്ടികൾക്കും എറണാകുളം ജില്ലയിലെ അതിഥി തൊഴിലാളികളുടെ കുട്ടികൾക്കുമായി ഒന്നാണ് നമ്മൾ എന്ന ഒരു ഓൺലൈൻ പരിപാടി സംഘടിപ്പിച്ചു. ഒരു ബി.ആർ.സിയുടെ കീഴിലെ ഒന്നു മുതൽ നാല് വരെ പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ വാട്ട്സ് ആപ്പ് കൂട്ടായ്മ ഉണ്ടാക്കി

ആഴ്ചയിൽ കുറഞ്ഞത് രണ്ട് മണിക്കൂർ ദൈർഘ്യമുള്ള പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്.

പ്രൈമറി,സെക്കന്ററി വിഭാഗങ്ങളിലായി 1092 കുട്ടികളെ ഔട്ട് ഓഫ് സ്കൂൾ ആയി കണ്ടെത്തുകയും അവരെ തിരികെ വിദ്യാലയങ്ങളിലെത്തിക്കുകയും ചെയ്തു.

മലയോര തീരദേശ മേഖലകളിലെ കുട്ടികൾക്കും ഗോത്രവിഭാഗം കുട്ടികൾക്കുമായി പ്രാദേശിക പ്രതിഭാ കേന്ദ്രം, ഊരുവിദ്യാകേന്ദ്രം, വായനശാലകൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പൊതുപഠനകേന്ദ്രങ്ങൾ വഴി എസ്.എസ്.കെ യൂണിസെഫുമായി സഹകരിച്ച് അതിജീവനം എന്ന മാനസിക ആരോഗ്യ കൗൺസലിങ് പദ്ധതി സംഘടിപ്പിച്ചു.

**6) ജന്റർ ഓഡിറ്റിങ്**

ലിംഗനീതിയും ലിംഗസമത്വവും ഉൾക്കൊള്ളാനും പാലിക്കാനും ആവശ്യമായ മൂല്യബോധം സ്കൂൾ കാലഘട്ടത്തിൽ തന്നെ കുട്ടികളിൽ വളർത്തിയെടുക്കാൻ കഴിയണമെന്ന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വിദ്യാകിരണം മിഷൻ ആകും ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. സ്കൂൾ പാഠപുസ്തകങ്ങൾ, പഠനബോധന പ്രവർത്തനങ്ങൾ, സ്കൂൾ ക്യാമ്പസ്സിന്റെ വിനിയോഗം തുടങ്ങി എല്ലാ കാര്യങ്ങളും സമഗ്രമായ ജന്റർ ഓഡിറ്റിംഗിന് വിധേയമാകണം എന്നാണ് ഇത് സംബന്ധിച്ച് അഖിലേന്ത്യാടിസ്ഥാനത്തിലുള്ള വിദഗ്ധൻമാരെയും സംസ്ഥാനതലത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തകരെയും പങ്കെടുപ്പിച്ച് നടത്തിയ ഓൺലൈൻ ശില്പശാല നിർദ്ദേശിച്ചിട്ടുള്ളത്. ജന്റർ ഓഡിറ്റിംഗിനായി ശാസ്ത്രീയമായ രീതിശാസ്ത്രം വികസിപ്പിക്കാൻ വിദ്യാകിരണം മിഷന്റേയും SCERT യുടെയും നേതൃത്വത്തിൽ ശില്പശാലകൾ ജൂലായ് അവസാനവാരം മുതൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**IV സമൂഹ പങ്കാളിത്തം**

വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ജനകീയത ഉറപ്പാക്കുന്നതിന് ജനപ്രതിനിധികൾ, പൊതു പ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, കലാസാംസ്കാരിക മേഖലയിലുള്ളവർ തുടങ്ങി സമൂഹത്തിന്റെ നാനാ തലത്തിലുള്ള ആളുകളുടേയും സഹകരണവും സഹായവും ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞു. സമൂഹത്തെ പൊതുവിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കി. രക്ഷാകർതൃബോ ധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു

രണ്ടാംഘട്ടത്തിൽ സമൂഹത്തെ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Namitha.P
**സെക്ഷൻ ഓഫീസർ**